# കൃഷി വിജ്ഞാന കേന്ദ്രം - ആലപ്പുഴ

**ICAR-KRISHI VIGYAN KENDRA - ALAPPUZHA**

കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം പ്രാദേശിക കേന്ദ്രം, കായംകുളം–690 533, കേരളം

ICAR

CPCRI

## വാർത്താപത്രിക NEWSLETTER

Vol. 15 Issue 04
വാല്യം 15 ലക്കം 04

October - December 2017
ഒക്ടോബർ–ഡിസംബർ 2017






- വനിതാ കർഷക ദിനം
- ശാസ്ത്രോപദേശക സമിതി യോഗം
- മഞ്ഞൾ കമ്പനി
- NICRA ദേശീയ പദ്ധതി
- ലോക മണ്ണ് ദിനം
- വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ
- സാങ്കേതിക വിദ്യാ നുറുങ്ങുകൾ
- കീട നിരീക്ഷണ അറിയിപ്പുകൾ


കെ.വി.കെ.യുടെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് അറിയാൻ ഈ QR CODE സ്കാൻ ചെയ്യു.


കെ. വി.കെ.യുമായി ബന്ധപ്പെടാൻ...

ഹെഡ്,
കൃഷി വിജ്ഞാന കേന്ദ്രം–ആലപ്പുഴ,
സി.പി.സി.ആർ.ഐ.(ആർ.എസ്.),
കായംകുളം, കൃഷ്ണപുരം പി.ഒ.–690533.
ഫോൺ/ഫാക്സ്: 0479 2449268.
Email: kvkalapuzha@gmail.com
www.kvkalappuzha.org


# വനിതാ കർഷക ദിനം

കാർഷിക രംഗത്ത് വനിതകളുടെ പ്രാധാന്യം ഉയർത്തിപ്പിടിക്കുന്നതിന്റെ ഭാഗമായി ദേശവ്യാപകമായി ഒക്ടോബർ 15 ദേശീയ വനിതാ കർഷകദിനമായി ആചരിക്കുവാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിരിക്കുകയാണ്. ആലപ്പുഴ ജില്ലയിലെ വനിതാ കർഷകരെ ആദരിക്കുന്നതിനായി വിവിധ പരിപാടികളോടെ വനിതാ കർഷകദിനം ഒക്ടോബർ 19ന് കെ.വി.കെയിൽ സംഘടിപ്പിച്ചു. വിവിധ കാർഷിക മേഖലകളിൽ മികവ് തെളിയിച്ച അഞ്ച് വനിതാ കർഷകരെ ആദരിക്കുകയും അവരുടെ അനുഭവങ്ങൾ ക്ഷണിക്കപ്പെട്ട സദസ്സിൽ വിവരിക്കുകയും ചെയ്തു. ദിനാഘോഷ പരിപാടികൾ ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും മുൻ കർഷകഭാരതി അവാർഡ് ജേതാവുമായ ശ്രീമതി. രജനി ജയദേവ് ഉദ്ഘാടനം ചെയ്തു. സി.പി.സി.ആർ.ഐ. കായംകുളം പ്രാദശിക കേന്ദ്രം മേധാവി ഡോ. എസ്.കലാവതി, ജനപ്രതിനിധികളായ ശ്രീമതി. രമാ ഉണ്ണികൃഷ്ണൻ, ലീലാ ഗോകുൽ, രാധാമണി രാജൻ എന്നിവർ വനിതാ കർഷകരെ അഭിസംബോധന ചെയ്തു. കൃഷി വകുപ്പ് അസി. ഡയറക്ടർ ശ്രീമതി. പ്രിയ.കെ.നായർ, വെറ്ററിനറി സർജൻ ശ്രീമതി.കെ.മാധുരി, കുടുംബശ്രീ മിഷൻ ജില്ലാ കോർഡിനേറ്റർ ശ്രീമതി. സുജ ഈപ്പൻ, വ്യവസായ വകുപ്പ് പ്രതിനിധി ശ്രീമതി. സ്വപ്നാ ദാസ് എന്നിവർ സർക്കാർ വകുപ്പുകളിൽ വനിതകൾക്ക് പ്രയോജനപ്പെടുത്താവുന്ന വിവിധ പദ്ധതികളെക്കുറിച്ച് വിശദീകരിച്ചു. ദിനാഘോഷത്തോടനുബന്ധിച്ച് പായസ മത്സരവും ക്വിസ് മത്സരവും സംഘടിപ്പിച്ചിരുന്നു. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വനിതാ കർഷക പ്രവർത്തകരുടെ ഉത്പന്ന പ്രദർശനം ആഘോഷത്തിന്റെ മുഖ്യാകർഷണമായിരുന്നു. കെ.വി.കെ. മേധാവി ഡോ.പി.മുരളീധരൻ, ഹോം സയൻസ് വിദഗ്ധ ശ്രീമതി. ജിസ്സി ജോർജ്ജ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.




വനിതാ കർഷകദിന പരിപാടികൾ ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രജനി ജയദേവ് ഉദ്ഘാടനം ചെയ്യുന്നു.

## കെ.വി.കെ. പ്രവർത്തനങ്ങൾ വിലയിരുത്തി ശാസ്ത്രോപദേശകസമിതി യോഗം



കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ വിലയിരുത്തലിനും ഭാവി പ്രവർത്തനങ്ങൾക്കുള്ള മാർഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി കർഷകർ, ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർ, അയൽ ജില്ലകളിലെ കെ.വി.കെ.മേധാവികൾ, ശാസ്ത്രജ്ഞർ എന്നിവർ ഉൾപ്പെട്ട വാർഷിക ശാസ്ത്രോപദേശക സമിതി യോഗം 2017 നവംബർ 29ന് കെ.വി.കെ യിൽ വച്ചു നടന്നു. സമിതി അംഗങ്ങളായ ഇരുപത്തിനാല് പേർ പങ്കെടുത്ത യോഗത്തിൽ അദ്ധ്യക്ഷനായ സി.പി.സി.ആർ.ഐ ഡയറക്ടർ ഡോ.പി.ചൗഡപ്പ കൃഷി വിജ്ഞാനകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ശ്ലാഘിക്കുകയും മുന്നോട്ടുള്ള പ്രവർത്തനങ്ങളിൽ അംഗങ്ങളുടെ നിസ്സീമമായ സഹകരണങ്ങൾ അഭ്യർത്ഥിക്കുകയു ചെയ്തു. ഇത്തവണത്തെ സോണൽ പുസ്കാരം നേടിയ കൃഷി വിജ്ഞാന കേന്ദ്രം അംഗങ്ങളെ സമിതി പ്രശംസിച്ചു. കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെ ബാംഗ്ലൂർ സോൺ (XI) ആസ്ഥാനത്തു നിന്നും ഡോ.ഡി..വി.എസ് റെഡ്ഡി, കേരള കാർഷിക സർവ്വകലാശാല വിജ്ഞാന വ്യാപന വിഭാഗം അസ്സോസിയേറ്റ് ഡയറക്ടർ ഡോ. അലക്സാണ്ടർ ജോർജ്ജ് എന്നിവർയോഗത്തിൽ പങ്കെടുത്തു. തദവസരത്തിൽ ഇഞ്ചി-മഞ്ഞൾ കൃഷി, ഫലസംസ്കരണം എന്നീ വിഷയങ്ങളിൽ തയ്യാർ ചെയ്ത ലഘു പുസ്തകങ്ങൾ പ്രകാശനം ചെയ്തു.

## കരുത്ത് തെളിയിച്ചു മഞ്ഞൾ കമ്പനി




ഓണാട്ടുകരയുടെ സുഗന്ധവ്യഞ്ജന പെരുമ വീണ്ടെടുക്കാനായി കെ.വി.കെ. യുടെ നേതൃത്വത്തിലും നബാർഡിന്റെ സാമ്പത്തിക സഹായത്തോടെയും ആരംഭിച്ച കർഷക കമ്പനിയായ ഓണാട്ടുകര സുഗന്ധവ്യഞ്ജന കർഷക ഉല്പാദക കമ്പനി (OSFPCL) കർഷകർക്ക് താങ്ങും തണലുമായി മാറുകയാണ്. കമ്പനിയുടെ രണ്ടാം വാർഷിക പൊതുയോഗത്തിലെ കർഷക പങ്കാളിത്തം തന്നെ ഇതിന് തെളിവാണ്. വരുന്ന മഞ്ഞൾ കൃഷി സമയത്ത് ഏകദേശം പത്ത് ടണ്ണോളം ഇഞ്ചി-മഞ്ഞൾ വിത്ത് കർഷകരിൽ നിന്നും സംഭരിച്ച് സംഭരിച്ച് കൂടുതൽ കർഷകരിലേക്ക് വ്യാപിപ്പിക്കാൻ വാർഷിക യോഗത്തിൽ തീരുമാനമായയി. കഴിഞ്ഞ കാലയളവിലെ കമ്പനിയുടെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് കമ്പനി എം.ഡി. ശ്രീ.ആനന്ദൻ അവതരിപ്പിച്ചു. കമ്പനിയുടെ ഡയറക്ടറും ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായ പ്രൊ. വി.വാസുദേവൻ, കെ.വി.കെ. മേധാവി ഡോ. പി. മുരളീധരൻ, ശ്രീ. രാജീവ് എം.എസ്, ശ്രീമതി. ജിസ്സി ജോർജ്ജ്, സി.ഇ.ഒ. ശ്രീമതി. ദീപാ രാജേന്ദ്രൻ എന്നിവരും യോഗത്തിൽ സംസാരിച്ചു. കൂടുതൽ അംഗങ്ങളെ ചേർത്തുകൊണ്ട് സുഗന്ധവിളകളുടെ വിസ്തൃതി കൂട്ടാനും പുതിയ വിപണന സാധ്യതകൾ കണ്ടെത്താനും നൂനത ഉത്പന്നങ്ങൾ തയ്യാറാക്കാനും യോഗം ഏകകണ്ഠമായി തീരുമാനമെടുത്തു. ഓഹരി ഉടമകളായ 200ഓളം കർഷകർ വാർഷിക പൊതുയോഗത്തിൽ പങ്കെടുത്തു.

## നിക്രാ ദേശീയ പദ്ധതി



കാലാവസ്ഥാനുസൃത കൃഷി സമ്പ്രദായങ്ങളുടെ ദേശീയ പദ്ധതി(നിക്ര)യുടെ രണ്ടാം ഘട്ടം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ തലവടിയിൽ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ചെലവു കുറഞ്ഞ വിതയന്ത്രമുപയോഗിച്ചുള്ള വിത ഉദ്ഘാടനം അർത്തുശ്ശേരി ഉദയൻ ചാത്തൻ പാടശേഖരത്തിൽ നടന്നു. തലവടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജനൂപ് പുഷ്പാകരന്റെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്തംഗം ശ്രീമതി. ബിനു ഐസക്ക് രാജു, പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീ. ജെ. പ്രേംകുമാർ ചമ്പക്കുളം എ.ഡി.എ. ശ്രീമതി. എൻ രമാദേവി, ബ്ലോക്ക് വൈസ് പ്രസിഡന്റ് ശ്രീമതി. രമണി എസ്. ഭാനു, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി. ജിജി തോമസ് പ്രസാദ്, ഗ്രാമപഞ്ചായത്തംഗങ്ങളായ ശ്രീമതി. ഷീന എലിസബത്ത്, ശ്രീ. അജിത്ത്കുമാർ പി. ഷാരത്ത്, കർഷക പ്രതിനിധികളായ റവ. ചാക്കോ തോമസ്, ശ്രീ. അലക്സ് പുത്തൻപറമ്പിൽ എന്നിവർ സന്നിഹിതരായിരുന്നു. കൃഷിവിജ്ഞാനകേന്ദ്രം മേധാവി ഡോ. പി. മുരളീധരൻ പദ്ധതി വിശദീകരിച്ചു.

ICAR - Krishi Vigyan Kendra, ICAR-CPCRI, Krishnapuram, Kayamkulam - 690 533

## ലോക മണ്ണ് ദിനം

കൃഷിയുടെ നിലനിൽപ്പു തന്നെ മണ്ണിന്റെ ആരോഗ്യത്തിലധിഷ്ഠിതമാണ്. അതുകൊണ്ട് തന്നെ മണ്ണിന്റെ ആരോഗ്യം സ്ഥായിയായി നിലനിർത്തേണ്ടത് ആവശ്യമാണ്. ഉത്തമ കൃഷി മുറകൾ അനുഷ്ഠിക്കുക വഴി മണ്ണും ജലവും മലിനപ്പെടാതെ സൂക്ഷിക്കുക എന്ന ആശയത്തിൽ ഊന്നിയാണ് ഇത്തവണത്തെ ലോക മണ്ണ് ദിനമാഘോഷിച്ചത്. ഡിസംബർ 5ന് ലോക മണ്ണ് ദിനവുമായി ബന്ധപ്പെട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പുമായി സഹകരിച്ച്, പാലമേൽ പഞ്ചായത്ത് ഹാളിൽ കൃഷി വിജ്ഞാന കേന്ദ്രം ആഘോഷപരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. പാലമേൽ പഞ്ചായത്ത് ഉപാദ്ധ്യക്ഷൻ ശ്രീ.കെ. ബിജു കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തു.




മണ്ണിന്റെ ആരോഗ്യം നിലനിർത്താനായി വിവിധ വിളകളിൽ പാലിക്കേണ്ട ഉത്തമ കൃഷി മുറകളെക്കുറിച്ച് കെ.വി.കെ വിദഗ്ദ്ധർ ഡോ. സജ്നാനാഥ്, ശ്രീ. രാജീവ്. എം.എസ്, ശ്രീമതി. ലേഖ. ജി, ഡോ. ടി.ശിവകുമാർ എന്നിവർ സംസാരിച്ചു. ചാരുംമൂട് കൃഷി അസി.ഡയറക്ടർ ശ്രീമതി. പ്രിയ.കെ.നായർ ചർച്ചകൾ നയിച്ചു. നൂറിലധികം കർഷകർ പങ്കെടുത്ത ദിനാചരണം ഗ്രാമത്തിന് പുത്തൻ ഉണർവ്വ് നൽകി.

## പരിശീലനപരിപാടികൾ

കൃഷി വിജ്ഞാന കേന്ദ്രം ഒക്ടോബർ -ഡിസംബർ കാലയളിൽ നാൽപ്പത്തിയെട്ട് പരിശീലനങ്ങൾ വിവിധ വിഷയങ്ങളിൽ സംഘടിപ്പിച്ചു. ഈ പരിശീലന പരിപാടികളിൽ ആയിരത്തി നാനൂറോളം പേർ പങ്കെടുത്ത് സാങ്കേതിക വിദ്യകൾ സ്വായത്തമാക്കി.









## വിജ്ഞാന വ്യാപന പ്രർത്തനങ്ങൾ

സെമിനാറുകൾ, കൃഷിയിട സന്ദർശനം, ടെലിഫോണിലൂടെയുള്ള സംശയനിവാരണം, കാർഷിക ക്ലിനിക്ക്, മണ്ണ് പരിശോധനാ യജ്ഞം, പങ്കാളിത്ത വിശകലനം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ആയിരത്തി നാനൂറോളം കർഷകർ ഗുണഭോക്താക്കളായി.









## റേഡിയോ പരിപാടികൾ


ആലപ്പുഴ കൃഷി വിജ്ഞാന കേന്ദ്രത്തെക്കുറിച്ചുള്ള പ്രത്യേക പരിപാടി തിരുവനന്തപുരം ആകാശവാണി നിലയം ഡിസംബർ 29ന് പ്രക്ഷേപണം ചെയ്തു.

ഡോ. ടി. ശിവകുമാർ അവതരിപ്പിച്ച വിവിധ നാട്ടറിവുകൾ ഒക്ടോബർ മാസം പ്രക്ഷേപണം ചെയ്തു.

## ആത്മ-കെ.വി.കെ. പരിപാടികൾ

ആത്മയുടെ പ്രതിമാസ സാങ്കേതിക യോഗങ്ങളിൽ മേധാവി ഡോ.പി. മുരളീധരൻ, ശ്രീമതി. ലേഖ. ജി, ഡോ.ടി.ശിവകുമാർ എന്നിവർ പങ്കെടുത്ത്, അവതരിപ്പിക്കപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിച്ചു.

## ലേഖനങ്ങൾ- പ്രസിദ്ധീകരണങ്ങൾ



ജിസ്സി ജോർജ്ജ്. 2017. തണുപ്പിച്ച തേങ്ങാപ്പീര മുതൽ കറിക്കൂട്ടുകൾ വരെ. കർഷകശ്രീ 23 (10) : 98

ജിസ്സി ജോർജ്ജ്. 2017. വിപണി പിടിക്കാൻ കൊക്കോ ചോക്കലേറ്റുകൾ. കർഷകശ്രീ 23 (11) : 90.

ജിസ്സി ജോർജ്ജ്. 2017. ആദായം നൽകും കേരോൽപ്പന്ന സംരംഭങ്ങൾ. കേരളകർഷകൻ 63(4) 23-27

രവി. എസ്, മുരളീധരൻ. പി. 2017. ചെലവ് കുറഞ്ഞ ഹൈഡ്രോ പോണിക്സ്, കേരള കർഷകൻ 63(3) : 68 -69

രവി. എസ്, മുരളീധരൻ. പി. 2017. ടി.എം.ആർ. സമ്പൂർണ്ണ കാലിത്തീറ്റ . കർഷകശ്രീ. 23 (10) : 88-91

ജിസ്സി ജോർജ്ജ്. 2017. കിഴങ്ങുവിള ഭക്ഷ്യ വിഭവങ്ങൾ മുതൽ വ്യാവസായിക ഉത്പന്നങ്ങൾ വരെ. കർഷകശ്രീ. 23 (12): 90-91

ശിവകുമാർ. ടി. 2017. കുമിൾരോഗം വന്നാലും വെണ്ട കൃഷി മുടങ്ങും. കർഷകൻ 25 (12) : 34-35

## സാങ്കേതിക വിദ്യാ നുറുങ്ങുകൾ

### ഇഞ്ചിവിത്ത് 5 ഗ്രാം

മേന്മയേറിയ അത്യുല്പാദനശേഷിയുള്ള വിത്ത്, നടീൽ വസ്തുക്കളുടെ അഭാവം മറ്റ് കൃഷികളിലെപ്പോലെ ഇഞ്ചികൃഷിയിലും പ്രശ്നമാകാറുണ്ട്. ഇതിനൊരു പരിഹാരമാണ് പ്രോട്രേ രീതിയിലുള്ള ഇഞ്ചി തൈ ഉത്പാദനം. ഇരുപത്തിയഞ്ച് ഗ്രാം തൂക്കമുള്ള വിത്തിഞ്ചികളാണ് സാധാരണ നടാൻ ഉപയോഗിക്കുന്നത്. എന്നാൽ ഈ പുതിയ രീതിയിൽ മുകുളങ്ങളോടു കൂടിയ അഞ്ച് ഗ്രാം പ്രകന്ദങ്ങളാണ് വേണ്ടത്. ഈ ചെറിയ പ്രകന്ദങ്ങൾ പ്രോട്രേകളിൽ നടാം. ട്രേകളിൽ നിറയ്ക്കാൻ കമ്പോസ്റ്റ്, മണ്ണ് എന്നിവ തുല്യ അനുപാതത്തിൽ ചേർത്ത് നടീൽ മിശ്രിതം തയ്യാറാക്കാം. ഇതിലേക്ക്, മുകുളങ്ങളോടു കൂടിയ ചെറുതായി ഒടിച്ചെടുത്ത പ്രകന്ദങ്ങൾ നടുന്നു. ഏതാണ്ട് ഒരു മാസം പ്രായമാകുമ്പോൾ ഇഞ്ചിത്തൈകൾ തവാരണയിലേക്ക് നേരിട്ട് മാറ്റി നടാം. ഏതാണ്ട് തൊണ്ണൂറോളം തൈകൾ ഒരു സെന്റിലേക്ക് നടാൻ തികയും. കുറഞ്ഞ അളവിൽ ലഭിക്കുന്ന മേന്മയേറിയ ഇഞ്ചി വിത്തുകളുപയോഗിച്ച് നമുക്ക് ആവശ്യമായ തൈകൾ ഉത്പാദിപ്പിക്കാനാകും. ഈ പുത്തൻ രീതിയുടെ കൃഷിയിട പരീക്ഷണം കൃഷി വിജ്ഞാന കേന്ദ്രം കർഷക പങ്കാളിത്തത്തോടെ ഭരണിക്കാവിൽ നടപ്പാക്കിയിരുന്നു.

• M.S. Rajeev, SMS (Agronomy)



## കീട - നിരീക്ഷണ അറിയിപ്പുകൾ



ട്യൂട്ട ശലഭം

ആക്രമണ ലക്ഷണം

### വഴുതിനയിൽ ട്യൂട്ട - കരുതൽ വേണം.

വഴുതന, തക്കാളി എന്നീ പച്ചക്കറി വിളകളെ ബാധിക്കുന്ന പുതിയ തരം കീടത്തെ നമ്മുടെ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നും കണ്ടെത്തിയിരിക്കുന്നു. 'ട്യൂട്ട' എന്ന പേരിലുള്ള ഈ വിദേശ കീടം വഴുതന ഇലകളിലാണ് പ്രധാനമായും കണ്ടത്. ഇലകളിൽ പൊള്ളിയതുപോലെ വെളുത്ത പാടുകളാണ് ലക്ഷണം. ഇരുണ്ട നിറമുള്ള ഒരു ചെറു ശലഭമാണ് ട്യൂട്ടാ. ഇവ ഇലകളിൽ മുട്ടകളിടുന്നു. വിരിഞ്ഞിറങ്ങുന്ന പുഴുക്കൾ ഇലപ്പരപ്പ് തുരന്ന് കാർന്നു തിന്നുന്നു. ഇലകളിലോ പുറത്തോ സമാധി പ്രാപിക്കുന്നു. ആരംഭദശയിൽ വേപ്പധിഷഠിത കീടനാശിനിയോ നന്മയോ (5 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ) പ്രയോഗിച്ച് ഇവയെ നിയന്ത്രിക്കാം. ചില ഇരപിടിയന്മാരായ കറുത്ത ഉറുമ്പുകൾ ട്യൂട്ടയുടെ സമാധിദശയെ നശിപ്പിക്കുന്നതായി മനസ്സിലാക്കിയിട്ടുണ്ട്.

Prabha Offset, Kappil - 2437749, 9447908459

Printed & Published by : Dr. P. Chowdappa, Director, CPCRI, Kasaragod; Co-ordination & Editing : Dr. P. Muralidharan, Principal Scientist & Head; Design, Layout & Compilation: Dr. T. Sivakumar; Technical Inputs : Rajeev M.S., Jissy George., Lekha G., Dr. S. Ravi., & Dr. K. Sajnanath Technical Assistance : Ansary K.M; Bijila P.V & Vishnu. B.R; Photos: E.R. Ashokan & KVK Staff